**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1208** **02-02-2026 - ൽ മറുപടിയ്ക്ക്**

**ശ്രീനാരായണഗുരു നവോത്ഥാന സാംസ്ക്കാരിക സമുച്ചയത്തിന്റെ പ്രവർത്തനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം മുകേഷ് | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കൊല്ലം ജില്ലയിലെ ശ്രീനാരായണഗുരു നവോത്ഥാന സാംസ്കാരിക സമുച്ചയത്തിന്റെ ഫലപ്രദമായ പ്രവർത്തനത്തിനും വികസനത്തിനും സഹായകരമായി എന്തെല്ലാം നടപടികളാണ് ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം സ്വീകരിച്ചിട്ടുള്ളത്; വിശദവിവരം ലഭ്യമാക്കാമോ? | (എ) | കൊല്ലം ശ്രീനാരായണഗുരു സാംസ്കാരിക സമുച്ചയം നിർമ്മാണം പൂർത്തിയാക്കി, 04.05.2023 ന് ബഹു. കേരള മുഖ്യമന്ത്രി ഉദ്ഘാടനം നിർവ്വഹിച്ച് പൊതുജനങ്ങൾക്കായി തുറന്നു കൊടുത്തു. സർക്കാർ നിശ്ചയിച്ച വാടകയുടെ അടിസ്ഥാനത്തിൽ 04.11.2023 മുതൽ സമുച്ചയത്തിലെ വിവിധ ഹാളുകളിൽ വിവിധ സംഘടനകൾ/സ്ഥാപനങ്ങൾ സാംസ്കാരിക പരിപാടികൾ സംഘടിപ്പിച്ചു വരികയാണ്. സമുച്ചയത്തിന്റെ ഫലപ്രദമായ പ്രവർത്തനത്തിനും വികസനത്തിനും സമുച്ചയത്തിലെ സൗകര്യങ്ങളുടെ വാടക നിരക്ക് പുതുക്കുന്നതിന് ജില്ലാ കളക്ടർ ചെയർമാനായും സാംസ്കാരിക വകുപ്പ് ഡയറക്ടർ കൺവീനറായും സ്ഥലം എം.എൽ.എ., സമുച്ചയം കൺവീനർ എന്നിവർ അംഗങ്ങളായും കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ടി കമ്മിറ്റി ശ്രീനാരായണഗുരു സാംസ്കാരിക സമുച്ചയത്തിലെ വാടക പരിഷ്കരിക്കുന്നത് സംബന്ധിച്ച് 18.09.2025 ന് കൂടിയ മീറ്റിംഗിന്റെ മിനുട്ട്സ് സർക്കാർ പരിശോധിച്ചു വരുന്നു. കൂടാതെ കൊല്ലം ശ്രീനാരായണഗുരു സാംസ്കാരിക സമുച്ചയത്തിന്റെ നടത്തിപ്പ് സംബന്ധിച്ച് 11.10.2025ലെ സ.ഉ.(സാധാ)577/2025/ സാം.കാ.വ. നമ്പർ ഉത്തരവുപ്രകാരം ജില്ലാ സാംസ്കാരിക പ്രൊമോഷൻ കൗൺസിൽ, ക്യൂറേറ്റർ കമ്മിറ്റി എന്നിവ രൂപീകരിച്ചിട്ടുണ്ട്. സമുച്ചയങ്ങളുടെ മേൽനോട്ടത്തിനു അനുയോജ്യരായ ഏജൻസിയെ തെരഞ്ഞെടുക്കുന്നതിന് സാംസ്കാരിക വകുപ്പ് ഡയറക്ടർക്ക് അനുമതി നല്കി ഉത്തരവായതിന്റെ അടിസ്ഥാനത്തിൽ താല്പര്യപത്രം ക്ഷണിച്ചുകൊണ്ട് പത്ര വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ